പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3124 18.10.2016-ൽ മറുപടിയ്ക്ക്**

## കായികതാരങ്ങൾക്ക് അർഹമായ പരിഗണന

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.സി.ജോർജ് | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | ദേശീയ-അന്തർദേശീയ മത്സരങ്ങളിൽ കേരളത്തിന്റെ യശസ്സ് ഉയർത്തിപ്പിടിച്ച കായികതാരങ്ങൾ സംസ്ഥാന ടീമിന്റെ ജേഴ്സി പോലും ഇല്ലാതെ വളരെ തരംതാണ നിലയിൽ മത്സരങ്ങളിൽ പങ്കെടുക്കേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കാനാണു ദ്ദേശിക്കുന്നത് ; | (എ) | ഉണ്ട്. ദേശീയ/മേഖല മത്സരങ്ങളിൽ പങ്കെടുക്കുന്ന കായിതാരങ്ങൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഗ്രാന്റ്-ഇൻ-എയ്ഡ് നിയമാവലിപ്രകാരം ജേഴ്സി വാങ്ങുന്നതിന് ഒരാൾക്ക് 300/- രൂപ ക്രമത്തിൽ ഗ്രാന്റ് സംസ്ഥാന അസോസിയേഷൻ മുഖാന്തിരം അനുവദിച്ച് വരുന്നു.<br>അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന കായിതാരങ്ങൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡ് നിയമാവലിപ്രകാരം കിറ്റ് അലവൻസായി 6000/- രൂപയും അനുവദിച്ച് വരുന്നു. |
| (ബി) | വിവിധതരം മത്സരങ്ങളിൽ പങ്കെടുക്കാനായി കായികതാരങ്ങൾ ദൂരസ്ഥലങ്ങളിലേയ്ക്ക് ട്രെയിനിലും മറ്റും റിസർവേഷനില്ലാതെയും സുരക്ഷിതത്വമില്ലാതെയും യാത്ര ചെയ്യേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | യഥാസമയം ട്രെയിനിൽ ബർത്തുകൾ ബുക്ക് ചെയ്ത് കായികതാരങ്ങളുടെ യാത്രാ സൗകര്യം ക്രമീകരിക്കുന്നതിനും അവർക്ക് സംസ്ഥാനത്തിന്റെ നല്ല ജേഴ്സി നൽകുന്നതിനും മറ്റുമുള്ള കാര്യങ്ങൾക്കായി ഒരു കമ്മിറ്റിയെ തെരഞ്ഞെടുത്ത് നിയോഗിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | ട്രെയിനിൽ ബർത്തുകൾ ബുക്ക് ചെയ്യുന്നതും കായികതാരങ്ങളുടെ സൗകര്യം ക്രമീകരിക്കുന്നതും, കായികതാരങ്ങൾക്ക് ജേഴ്സി വാങ്ങി നൽകുന്നതും ബന്ധപ്പെട്ട സംസ്ഥാന അസോസിയേഷനുകളുടെ ഉത്തരവാദിത്വമാണ്. ഇതിനായി അംഗീകൃത അസോസിയേഷനുകൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡ് നിയമപ്രകാരം അഡ്വാൻസായി ഗ്രാന്റ് അനുവദിയ്ക്കുന്നുണ്ട്. |

Mary M

**സെക്ഷൻ ഓഫീസർ**